കേ°ഷ്യ ധാന്യ മൊത്തവ്യാപാരം

183 [199] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കേ°ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേ°ഷ്യ ധാന്യ മൊത്തവ്യാപാരം സർക്കാർ ഏറ്റെടുക്കാൻ ഉദ്°ദേശിക്കുന്നുണ്ടോ;

(ബി) ഉദ്°ദേശിക്കുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ), (ബി) കേ°ഷ്യ ധാന്യ മൊത്തവ്യാപാരം പൂർണ്ണമായും ഏറ്റെടുത്തു നടത്തുക എന്നത് സർക്കാരിന്റെ നയമല്ല.

വിലസൂചിക

184 [200] ശ്രീ. കെ. മൂസ°ക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് കേ°ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഔദ്യോഗിക മൊത്തവില സൂചിക അനുസരിച്ച് 1982, 1983, 1984, 1985, 1986 എന്നീ വർഷങ്ങളിൽ സംസ°ഥാനത്ത് അരി, ഗോതമ്പ്, തേയില, പഞ്ചസാര, കടല, ചെറുപയർ എന്നിവയുടെ വില എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഔദ്യോഗിക മൊത്തവില സൂചിക അനുസരിച്ച് 1982 മുതൽ 1985 വരെയുള്ള വർഷങ്ങളിൽ അരിയുടേയും തേയിലയുടേയും വാർഷിക ശരാശരി മൊത്തവില താഴെ കാണും പ്രകാരമായിരുന്നു:

വർഷം	അരി (ക്വിന്റലിന്)	തേയില (കിലോഗ്രാമിന്)
1982	190.92 രൂപ	17.14 രൂപ
1983	200.93 ,,	25.36 ,,
1984	218.96 ,,	30.67 ,,
1985	221.84 ,,	28.56 ,,

1986 വർഷത്തെ മൊത്തവില വർഷാവസാനം മാത്രമേ തിട്ടപ്പെടുത്തുകയുള്ളു. ഗോതമ്പ്, പഞ്ചസാര, കടല, ചെറുപയർ എന്നിവയുടെ വില മൊത്തവില സൂചിക തിട്ടപ്പെടുത്തുന്നതിനുവേണ്ടി കണക്കാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly